പതിനാലാം കേരള നിയമസഭ
ഒമ്പതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നം. 3208

07.02.2018-ൽ
മറുപടിയ്ക്കുണ്ടായിരുന്നത്

## ഓഖി ചുഴലിക്കാറ്റ് - മത്സ്യതൊഴിലാളികൾക്കുണ്ടായ നാശനഷ്ടം

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ.ആർ. രാമചന്ദ്രൻ | | ശ്രീമതി. ജെ.മേഴ്സിക്കുട്ടി അമ്മ<br>(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി) |
| (എ) | ഓഖി ചുഴലിക്കാറ്റിൽ ജീവനോപാധികൾ നഷ്ടപ്പെട്ട മത്സ്യതൊഴിലാളികളെ സഹായിക്കുന്നതിന് എന്തെല്ലാം പദ്ധതികൾ നിലവിലുണ്ടെന്ന് വ്യക്തമാക്കുമോ; | (എ) | മത്സ്യത്തൊഴിലാളികൾക്ക് ഉപജീവനത്തിനായി കടലിൽ മത്സ്യബന്ധനത്തിന് പോകാൻ കഴിയാത്ത സാഹചര്യത്തിൽ സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽ നിന്നും 1.66 ലക്ഷം മത്സ്യത്തൊഴിലാളികൾക്ക് 2000/- രൂപ വീതം ഉപജീവന സഹായം അനുവദിച്ചു. ദുരിത കാലയളവിൽ മത്സ്യത്തൊഴിലാളികൾക്ക് സൗജന്യ റേഷൻ സിവിൽ സപ്ലൈസ് വഴി നൽകിയിട്ടുണ്ട്.<br><br>ഓഖി ചുഴലിക്കാറ്റിൽപ്പെട്ട് ബോട്ട്, മത്സ്യബന്ധന ഉപകരണങ്ങൾ എന്നിവ നഷ്ടപ്പെട്ട തൊഴിലാളികൾക്ക് നേരിട്ട നഷ്ടത്തിന് ഏകദേശം തുല്യമായ നഷ്ടപരിഹാരം നൽകുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ആദ്യ ഘട്ടമായി മത്സ്യബന്ധന യൂണിറ്റുകൾ പൂർണ്ണമായും നഷ്ടപ്പെട്ട 80 പേർക്ക് അവ പുന:സ്ഥാപിച്ച് നൽകുന്നതിന് 988.80 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. അത് ഉടൻ നടപ്പിലാക്കുന്നതാണ്.<br><br>മത്സ്യത്തൊഴിലാളികളെ പുനരധിവസിപ്പിക്കുന്നതിനുള്ള സമഗ്രപദ്ധതിയും കൂടുതൽ സുരക്ഷയുള്ള യാനങ്ങൾ നൽകുന്നതിനുള്ള പദ്ധതികളും തയ്യാറാക്കി 7340 കോടി രൂപയുടെ കേന്ദ്ര സർക്കാർ ധനസഹായത്തിനായി സമർപ്പിച്ചിട്ടുണ്ട്. |
| (ബി) | ഓഖി ചുഴലിക്കാറ്റിൽ സംസ്ഥാനത്ത് ആകമാനം മത്സ്യത്തൊഴിലാളികൾക്കുണ്ടായ നഷ്ടം കണക്കാക്കിയിട്ടുണ്ടോ; ജില്ല തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കുമോ; | (ബി) | 221 വീടുകൾക്ക് പൂർണ്ണമായ നാശനഷ്ടവും 384 ബോട്ടുകൾക്കും 446 വലകൾക്കും നാശനഷ്ടം സംഭവിക്കുകയും ചെയ്തിട്ടുണ്ട്. മത്സ്യബന്ധന യൂണിറ്റുകൾക്ക് ആകെ 9.4 കോടി രൂപയുടെ നാശനഷ്ടം സംഭവിച്ചിട്ടുണ്ട്. മത്സ്യബന്ധന മേഖലയിൽ ഉണ്ടായിട്ടുള്ള നാശനഷ്ടത്തിന്റെ ജില്ല തിരിച്ചുള്ള കണക്ക് അനുബന്ധമായി ചേർക്കുന്നു |

| | | | |
|---|---|---|---|
| (സി) | ഇതു സംബന്ധിച്ച കേന്ദ്ര സർക്കാർ ഇതുവരെ അനുവദിച്ച തുക എത്രയാണെന്നും കേരളം സമർപ്പിച്ച കണക്കുകൾ പ്രകാരമുള്ള തുക എത്രയാണെന്നും വിശദമാക്കുമോ? | (സി) | പ്രധാനമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും മരണപ്പെട്ട മത്സ്യത്തൊഴിലാളികളുടെ കുടുംബങ്ങൾക്ക് 2 ലക്ഷം രൂപ വീതം അനുവദിച്ചിട്ടുണ്ട്. ഓഖി ചുഴലിക്കാറ്റിന്റെ പശ്ചാത്തലത്തിൽ മത്സ്യത്തൊഴിലാളികൾക്കുള്ള പുനരധിവാസ പാക്കേജിനായി 7340 കോടി രൂപയുടെ ഒരു സമഗ്ര പദ്ധതി കേന്ദ്ര സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. |

Shuba

സെക്ഷൻ ഓഫീസർ

തിരുവനന്തപുരം

# ASSISTANCE TO FISHERMAN FOR REPAIR/REPLACEMENT OF BOATS, NETS- DEPT. FISHERIES, GOVT OF KERALA

| District | Fully Damaged Boats | Cost In Lakkhs | Partially Damaged Boats | Cost In lakhs | Fully Damaged Nets | Cost In Lakhs | Partially Damaged Nets | Cost In lakhs | Total Amount (In Lakhs) |
|---|---|---|---|---|---|---|---|---|---|
| Thiruvananthapuram | 72 | 427.31 | | | 70 | 101.3 | | | 528.63 |
| Kollam | 39 | 65.94 | | | 171 | 49.12 | | | 115.06 |
| Alappuzha | 16 | 119.41 | | | 24 | 25.8 | | | 145.21 |
| Ernakulam | 25 | 5 | | | 147 | 25.6 | | | 30.6 |
| Thrissur | 9 | 18 | | | 17 | 8.63 | | | 26.63 |
| Malappuram | 4 | 9.65 | | | 4 | 4.15 | | | 13.8 |
| Kozhikode | 6 | 15.6 | | | 4 | 4.4 | | | 20 |
| Kannur | 15 | 39.83 | | | 8 | 5.68 | | | 45.51 |
| Kasargode | 1 | 13.5 | | | 1 | 1.5 | | | 15 |
| Total | 187 | 714.24 | | | 446 | 226.2 | | | 940.44 |

Sheeba
സെക്ഷൻ ഓഫീസർ

Details of Completely and Partially damaged houses of Fishermen affected due to Ockhi Cyclone.

| Sl. No. | Name of District | No. of Completely damaged houses. | No. Of Partially damaged houses. |
|---|---|---|---|
| 1 | Thiruvananthapuram | 26 | 46 |
| 2 | Kollam | 4 | 240 |
| 3 | Alappuzha | 2 | 4 |
| 4 | Ernakulam | 9 | 13 |
| 5 | Thrissur | 26 | 46 |
| 6 | Malappuram | 5 | 69 |
| 7 | Kozhikkode | 0 | 3 |
| 8 | Kannur | 0 | 35 |
| 9 | Kasargode | 2 | 2 |
| | TOTAL | 74 | 458 |

Sheeba
സെക്ഷൻ ഓഫീസർ